DESPATCHED On...29/06/2020
8-5-20.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.878(2)/2018**/എസ്.ഐ.സി
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.1445/എസ്.ഐ.സി-ജി 6/18

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ

ശ്രീ.തോമസ് കുട്ടി. എം.റ്റി
മണക്കുന്നേൽ
കുരിശുംമൂട്.പി.ഒ
ചങ്ങാനാശ്ശേരി
} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
സെന്റ് ജോസഫ്സ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ ഫോർ വുമൺ
എറണാകുളം
കൊച്ചി-682 035
2. അപ്പീൽ അധികാരി ആന്റ്
സെന്റ് ജോസഫ്സ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ ഫോർ വുമൺ
എറണാകുളം
കൊച്ചി-682 035
} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 16.12.2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 03.03.2018 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 22.01.2018 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 08.02.2018 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 14.02.2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 29.01.2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 04.02.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 07.02.2020 , വീഡിയോ കോൺഫറൻസ് ഹാൾ കളക്ടറേറ്റ് എറണാകുളം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നില്ല<br>ഹാജരായിരുന്നു |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും, ആയത് തിരിച്ച് അയച്ചുവെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 16.12.2017 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഇനം 1 ൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എയ്ഡഡ് കോളേജുകൾക്ക് മാത്രമായി ഗ്രേഡ് ലൈബ്രേറിയൻ തസ്തികൾ നിർത്തലാക്കിയതിൻ പ്രകാരം കേരളത്തിലെ കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് ഡപ്യൂട്ടി ഡയറക്ടർമാരുടെ കീഴിലുള്ള ടി കോളേജുകളിലെ ലൈബ്രേറിയൻ തസ്തികകളുടെ വിവരങ്ങൾ നൽകാനും, ഇനം 2 ൽ മേൽ ഡപ്യൂട്ടി ഡയറക്ടർമാരുടെ കീഴിലുള്ള ടി കോളേജുകളിലെ ലൈബ്രറികളിലെ പുസ്തകങ്ങളുടെ എണ്ണം, കുട്ടികളുടെ എണ്ണം തുടങ്ങി 24 ഇനങ്ങളിലായുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടത്.

3. മേൽപ്പടി അപേക്ഷയ്ക്ക് മറുപടി ലഭിക്കാത്തതിനാൽ 22.01.2018 ൽ ഹർജിക്കാരൻ അപ്പീൽ അപേക്ഷ നൽകുകയും, ആയതിൽ എസ്.പി.ഐ.ഒ മറുപടി നൽകിയിട്ടില്ലെന്നു ബോധിപ്പിക്കുകയും ചെയ്തു.

4. 04.02.2020 ൽ എസ്.പി.ഐ.ഒ സമർപ്പിച്ച റിപ്പോർട്ടിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾക്ക് ടി ഓഫീസിൽ ലഭ്യമായ വിവരങ്ങൾ നൽകിയിട്ടുണ്ടെന്നും 27.04.2016, 17.07.2017, 16.04.2018 ന് ടിയാൻ ഇതുമായി ബന്ധപ്പെട്ട് ആവശ്യപ്പെട്ട വിവരങ്ങൾ ഹർജിക്കാരന് നൽകിയെന്നും ആയതിന്റെ പകർപ്പുകൾ ഹാജരാക്കുന്നുവെന്നും ടി വിവരങ്ങളെക്കാൾ കൂടുതലായി ടി ഓഫീസിൽ നിന്നും ഒന്നും നൽകാനില്ലെന്നും, ടിയാൻ അയക്കുന്ന അപ്പീലുകൾ പ്രോത്സാഹിപ്പിക്കുന്നതല്ലെന്നും, അറിയിച്ചിട്ടുണ്ടെന്നാണ് ബോധിപ്പിച്ചത്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും അപ്പീലുകൾ പ്രോത്സാഹിപ്പിക്കില്ലെന്നു പറയാൻ എസ്.പി.ഐ.ഒ യ്ക്ക് അധികാരം ഇല്ലെന്നും, വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകുമ്പോൾ അപ്പീൽ അധികാരിയുടെ പേര് , ഔദ്യോഗിക മേൽവിലാസം, ബന്ധപ്പെടേണ്ട നമ്പർ എന്നിവ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണെന്നും, ടി കോളേജിൽ അപ്പീൽ അതോറിറ്റി, എസ്.പി.ഐ.ഒ എന്നിവരുടെ വിവരം പ്രദർശിപ്പിക്കേണ്ടതാണെന്നും, കമ്മീഷൻ നിർദ്ദേശിക്കുകയും, 16.12.2017ന് ഹർജിക്കാരൻ നൽകിയ അപേക്ഷയ്ക്ക് മറുപടി നൽകിയതായി കാണുന്നില്ലെന്ന് വീക്ഷിച്ച കമ്മീഷൻ ആയതു വിവരാവകാശ നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പു പ്രകാരം ശിക്ഷാർഹവുമാണെന്ന് കണക്കാക്കുക

യും, ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിതസമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. പ്രഥമദൃഷ്ടിയാൽ എതിർകക്ഷി കുറ്റക്കാരനാണെന്ന് കമ്മീഷൻ കാണുന്നു. ആയതിനാൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020 മേയ് 08-ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

res